# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ</u>

**ചോദ്യം നം.765** **12.12.2012 ൽ മറുപടിക്ക്**

**കെ.എച്ച്.ആർ.ഡബ്ല്യൂ.സൊസൈറ്റിയുടെ നഴ്സിംഗ് വിഭാഗം ജീവനക്കാരുടെ വേതന ഘടന**

| ചോദ്യം<br>ശ്രീ. ഇ.പി.ജയരാജൻ: | | ഉത്തരം<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിന് കീഴിലുള്ള കെ.എച്ച്.ആർ.ഡബ്ല്യൂ.സൊസൈറ്റിയുടെ കീഴിൽ പേ വാർഡുകളിൽ ജോലി ചെയ്യുന്ന നഴ്സിംഗ് വിഭാഗം ജീവനക്കാരുടെ വേതനഘടനയെന്തെന്ന വ്യക്തമാക്കുമോ ; | (എ) | കെ.എച്ച്.ആർ.ഡബ്ല്യൂ. സൊസൈറ്റിയുടെ കീഴിൽ പേ വാർഡുകളിൽ ജോലി ചെയ്യുന്ന സ്റ്റാഫ് നഴ്സിനും , ആയുർവേദ നഴ്സിനും മാസം 12,000 രൂപയും നഴ്സിംഗ് അസിസ്റ്റന്റിന് മാസം 9000 രൂപ എന്ന നിരക്കിലും വേതനം 2012 ഡിസംബർ മാസം മുതൽ നൽകുന്നതിന് ഗവേണിംഗ് ബോഡി തീരുമാനമായിട്ടുണ്ട്. |
| (ബി) | ഈ വിഭാഗം ജീവനക്കാരുടെ വേതനം ഏറ്റവും ഒടുവിൽ പരിഷ്കരിച്ചത് ഏത് ഉത്തരവ് മുഖേനയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2.5.2011 ലെ ജി.ഒ(പി) നം.204/2011/ധന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പരിഷ്കരിച്ചത്. |
| (സി) | പ്രസ്തുത ഉത്തരവ് പ്രകാരമുള്ള വേതനം ഉത്തരവ് തീയതി മുതൽ അവർക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ഇല്ല |

| | | | |
|---|---|---|---|
| (ഡി) | ഇല്ലെങ്കിൽ ഉത്തരവു തീയതി മുതൽ അവർക്കു ലഭിക്കുവാൻ അർഹതപ്പെട്ട വേതനം കുടിശ്ശികയടക്കം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | സൊസൈറ്റിയുടെ പ്രവർത്തനം നടന്നുവരുന്നത് പേ വാർഡുകൾ ഉൾപ്പെടെയുള്ള യൂണിറ്റുകളിൽ നിന്നുള്ള വരുമാനം കൊണ്ട് മാത്രമാണ്. സാമ്പത്തിക പരിമിതി കൾക്കുള്ളിൽ നിന്ന് പ്രവർത്തി ക്കുന്നതിനാൽ ദിവസ വേതന ക്കാർക്ക് കുടിശ്ശിക നൽകുവാൻ നിർവാഹമില്ലാത്ത അവസ്ഥയാണ്. |
| (ഇ) | പ്രസ്തുത വിഭാഗം ജീവനക്കാർക്ക് വേതനഘടന നിശ്ചയിക്കുവാൻ എന്തു നടപടിയാണ് സ്വീകരി ച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഇ) | സൊസൈറ്റിയുടെ 6.12.2012 ൽ നടന്ന ഗവേണിംഗ് ബോഡി യോഗത്തിന്റെ തീരുമാനമനു സരിച്ചാണ് പ്രസ്തുത വിഭാഗം ജീവനക്കാരുടെ വേതന ഘടന നിശ്ചയിക്കുവാൻ നടപടി സ്വീകരിച്ചത്. |
| (എഫ്) | കെ.എച്ച്.ആർ.ഡബ്ല്യൂ.സൊസൈറ്റിയുടെ കീഴിലെ നഴ്സിംഗ് വിഭാഗത്തിൽപ്പെട്ട ദിവസവേതനത്തിനു ജോലി ചെയ്യുന്ന വരുടെ വേതനം പ്രതിദിനം മിനിമം 500 രൂപയെങ്കിലും ആയി ഉയർത്തുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കുമോ? | (എഫ്) | പ്രതിദിനം 400 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. സൊസൈറ്റിയുടെ സാമ്പത്തിക പരിമിതി കാരണം 500 രൂപയാക്കാൻ നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ